## ലോക കേരളസഭയുടെ രണ്ടാമത് സമ്മേളനം 2020 ജനുവരി 2, 3 തീയതികളിൽ

11/10/2019

ലോക കേരള സഭയുടെ രണ്ടാമത് സമ്മേളനം 2020 ജനുവരി 2, 3 തീയതികളിൽ നിയമസഭാ കോംപ്ലക്സിൽ ചേരും. മുഖ്യമന്ത്രി പിണറായി വിജയൻറെ സാന്നിധ്യത്തിൽ വ്യാഴാഴ്ച ചേർന്ന സംഘാടക സമിതിയോഗം പരിപാടിയുടെ വിജയത്തിന് വിവിധ ഉപസമിതികൾ രൂപീകരിച്ചു.

ലോക കേരള സഭയുടെ ഭാഗമായി ഓവർസീസ് എംപ്ലോയേഴ്സ് കോൺഫറൻസും തൊഴിൽ മേളയും സംഘടിപ്പിക്കാൻ തീരുമാനി ച്ചിട്ടുണ്ട്. ഡിസംബർ 7-ന് കൊച്ചിയിലായിരിക്കും പരിപാടി. പ്രവാസി കുടുംബങ്ങൾ കൂടുതലുള്ള മേഖലകളിൽ അവരുടെ കലാപരിപാടികൾ സംഘടിപ്പിക്കും. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവാസവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അന്താരാഷ്ട്ര സെമിനാറുകൾ നടത്താനും സംഘാടക സമിതി തീരുമാനിച്ചു.



ലോക കേരള സഭയുടെ മുന്നോടിയായി ഓപ്പൺ ഫോറങ്ങൾ, സെമിനാ റുകൾ, കലാപരിപാടികൾ, ശിൽപ്പശാല എന്നിവയുണ്ടാകും. തിരുവനന്തപുരത്ത് പുഷ്പ്പോത്സവം, ഭക്ഷ്യമേള എന്നിവയും സംഘടിപ്പിക്കു ന്നുണ്ട്. സമാപന സമ്മേളനം 3-ന് വൈകിട്ട് നിശാഗന്ധിയിലായി രിക്കും.

പ്രവാസികൾ, അവരുടെ കുട്ടികൾ എന്നിവർക്ക് ചെറുകഥ, നാടകം, കവിത, ലേഖനം തുടങ്ങിയവയിൽ മത്സരങ്ങൾ ഉണ്ടാകും. സഭ നടക്കുമ്പോൾ സമ്മേളനവേദിയിലും പുറത്തും കലാപരിപാടികൾ നടത്തും.

ലോക കേരള സഭയുടെ നിയമാവലി പ്രകാരം അംഗങ്ങളിൽ മൂന്നിലൊന്ന് പേർ വിരമിക്കുന്നതിനാൽ പകരം അംഗങ്ങളെ തെരഞ്ഞെടുക്കുന്നതാണ്. പുതിയ അംഗങ്ങളെ തെരഞ്ഞെടുക്കുമ്പോൾ പരമാവധി രാജ്യങ്ങൾക്ക് പ്രാതിനിധ്യം ലഭിക്കുന്ന രീതിയിൽ വേണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. പ്രവാസത്തിൻറെ പുതിയ മേഖലകൾ കണ്ടെത്തി കേരളത്തിലെ യുവജനങ്ങൾക്ക് ജോലി ലഭിക്കുന്നതിനുള്ള വേദിയായി വിദേശതൊഴിലുടമാ സമ്മേളനം മാറണം.

ഒന്നാം ലോക കേരള സഭയുടെ നിർദേശങ്ങൾ സർക്കാർ ഗൗരവ പൂർവ്വം പരിഗണിച്ച് നടപ്പിലാക്കുകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഏഴ് വിഷയനിർണയ സ്റ്റാൻറിംഗ് കമ്മിറ്റികൾ ഒന്നാം

ലോക കേരള സഭ രൂപീകരിച്ചിരുന്നു. ഈ കമ്മിറ്റികൾ മുന്നോട്ടുവെച്ച പ്രധാന നിർദേശങ്ങൾ ഒന്നൊന്നായി സർക്കാർ നടപ്പാക്കുകയാണ്. പ്രവാസികളിൽ നിന്ന് ഓഹരി മൂലധനം സംഭരിച്ച് നിക്ഷേപ കമ്പനിയുണ്ടാക്കാനുള്ള നിർദേശം അതിലൊന്നായിരുന്നു. ആ നിർദേശം സർക്കാർ നടപ്പാക്കി. വിദേശ മലയാളികളുടെ പങ്കാളിത്തത്തോടെ കേരളത്തിൽ വികസന പദ്ധതികൾ നടപ്പാക്കുന്നതിനാണ് കമ്പനി രൂപീകരിച്ചത്. ഇതിൻറെ ഭാഗമായി ദുബായിയിൽ ഈ മാസം ആദ്യം സംഘടിപ്പിച്ച ചെറുകിട-ഇടത്തരം സംരംഭകരുടെ സമ്മേളനം പ്രതീക്ഷിച്ചതിലധികം വിജയമായിരുന്നു. ഇതിൻറെ തുടർച്ചയായാണ് ജനുവരിയിൽ രണ്ടാം ലോക കേരള സഭ സമ്മേളനത്തിനു ശേഷം കൊച്ചിയിൽ നിക്ഷേപ സമ്മേളനം സംഘടിപ്പിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

യോഗത്തിൽ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ, ചീഫ് സെക്രട്ടറി ടോം ജോസ്, നോർക്ക റൂട്ട്സ് വൈസ് ചെയർമാൻ കെ. വരദരാജൻ, വിവിധ വകുപ്പ് സെക്രട്ടറിമാർ, സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഇളങ്കോവൻ സ്വാഗതം പറഞ്ഞു.